## പതിമൂന്നാം കേരളനിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1163

8.2.2013-ലെ മറുപടിക്ക്

## നാച്ച്യുറൽ സയൻസ് പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു | ശ്രീ.പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഹൈസ്കൂൾ തലത്തിൽ നാച്ച്യുറൽ സയൻസ് പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യത എന്താണെന്ന് വ്യക്തമാക്കുമോ ; | (എ) 19.7.2005 ലെ സ.ഉ.(പി) നം.220/05/പൊവിവ ഉത്തരവ് പ്രകാരം എച്ച്.എസ്.എ കോർ വിഷയങ്ങൾക്കുള്ള നിയമനയോഗ്യത ബന്ധപ്പെട്ട വിഷയത്തിൽ തന്നെയുള്ള ബിരുദവും ബി.എഡുമാണ്. കൂടാതെ ജി.ഒ(എം.എസ്) നം.46/11/പൊവിവ തീയതി 22.2.2011 പ്രകാരം കേരളത്തിലെയും കേരളത്തിന് പുറത്തുമുള്ള സർവ്വകലാശാലകളിൽ നിന്നും റഗുലർ പഠനത്തിലൂടെ നേടിയ ലൈഫ് സയൻസ് ബി.എഡ് ബിരുദം കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല നാച്ച്യുറൽ സയൻസിനുള്ള യോഗ്യതയായി അംഗീകരിച്ചിട്ടുണ്ടെങ്കിൽ ആ ബിരുദവും ടി തസ്തികയ്ക്കുള്ള യോഗ്യതയായി പരിഗണിക്കാവുന്നതാണ്. |
| (ബി) സർവ്വകലാശാലകളിൽ നിന്നും മൈക്രോബയോളജി ബിരുദം നേടുന്നവർ മറ്റ് യോഗ്യതകൾ, (ബി.എഡ്, ടെറ്റ്) ഉള്ളവരാണെങ്കിൽ, നാച്ച്യുറൽ സയൻസ്, ഹൈസ്കൂൾ തലത്തിൽ പഠിപ്പിക്കാൻ യോഗ്യതയുള്ളവരാണോ; | (ബി) യും (സി) യും<br><br>കേരള പി.എസ്.സിയുടെ 31.12.2012 ലെ വിജ്ഞാപനപ്രകാരം മൈക്രോ ബയോളജി ബിരുദം ഉള്ളവരെയും ടി തസ്തികയ്ക്കായി പരിഗണിച്ചിട്ടുണ്ട്. |
| (സി) പി.എസ്.സി ഇത് അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ,അതിനുള്ള സാങ്കേതിക തടസ്സം എന്താണെന്ന് വെളിപ്പെടുത്താമോ? | |

സെക്ഷൻഓഫീസർ